# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1295 06.02.2020-ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആകെ എത്ര സ്പെഷ്യൽ സ്കൂളുകളാണ് നിലവിലുള്ളത്; ഈ സർക്കാരിന്റെ കാലത്ത് എത്ര സ്പെഷ്യൽ സ്കൂളുകളാണ് അടച്ചുപൂട്ടിയത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 43 അന്ധ-ബധിര വിദ്യാലയങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 338 സ്കൂളുകളും പ്രവർത്തിക്കുന്നു. അതിൽ 70 സ്കൂളുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളാണ്. സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന അന്ധ-ബധിര സ്കൂളുകൾ ഒന്നും തന്നെ അടച്ച് പൂട്ടിയിട്ടില്ല. |
| (ബി) | ഈ സ്കൂളുകൾക്ക് സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ നടപ്പിലാക്കാൻ കഴിയാത്തത്; | (ബി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്കായി 25 കോടി രൂപ സ്പെഷ്യൽ പാക്കേജായി വകയിരുത്തിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടകൾ സ്വീകരിച്ചു വരികയാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം സ്കൂളുകൾക്ക് ഓരോ വർഷവും എത്ര തുക വീതം നൽകിയിട്ടുണ്ട്; മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര തുകവീതം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അന്ധ-ബധിര സ്കൂളുകൾക്ക് 3 കോടി 75 ലക്ഷം രൂപയും മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്ക് 71 കോടി 50 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ